Remove Watermark Wondershare PDFelement

# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 24/2021 (47) ചൊവ്വാഴ്ച — തീയ്യതി 08.06.2021

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 09.06.2021 | 10.06.2021 | 11.06.2021 | 12.06.2021 | 13.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 22 | 12 | 14 | 22 |
| ഉയർന്ന താപനില (°C) | 32 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 14 | 14 | 16 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 290 | 320 | 320 | 320 |
| മേഘവ്യാപ്തി (ഒക്ടർ) | 8 | 8 | 8 | 7 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയോ അതിൽ കൂടുതലോ മഴ ലഭിക്കാൻ സാധ്യത..

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:** വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. | | |
| നെല്ല് | വിത്ത് മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. നെൽവിത്ത് വെള്ളത്തിൽ കുതിർക്കുമ്പോൾ ഒരു കിലോ നെൽവിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ ചേർക്കുക. കൂടാതെ ഞാറ് പറിച്ചുനടുമ്പോൾ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തയ്യാറാക്കിയ ലായനിയിൽ വേര് അരമണിക്കൂർ മുക്കിവെയ്ക്കുക. ഇതുവഴി നെല്ലിനെ ബാധിക്കുന്ന പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| വാഴ | ഇലപ്പുള്ളിരോഗം | താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പു വരുത്തുക. വാഴയിൽ ഇലപ്പുള്ളിരോഗത്തിനു പ്രതിരോധ നടപടിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയില് പതിയക്ക വിധം കുളിർക്കെ തളിക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ | മൃദുരോമപൂപ്പ് | വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | ജല സ്രോതസുകളിൽ രോഗാണുക്കളുള്ള മലിന ജലം കലരാൻ ഇടയുള്ളതിനാൽ അണുനാശിനി ചേർത്ത് ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക. ഇതിനായി ബ്ലീച്ചിങ്ങ് പൗഡറോ, വെള്ളം ശുചിയാകുന്നതിനു മാർക്കറ്റിൽ ലഭ്യമായ മറ്റു അണുനാശിനികളോ നിർമ്മാതാവിന്റെ നിർദേശ പ്രകാരം ചേർക്കാവുന്നതാണ്. | |